**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കൊട്ടാരക്കര മുൻസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എൻ. ഉദയകുമാർ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 273/15 - ാം നമ്പർ കേസ്സിൻമേലുള്ള 25.01.2016 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(ആർ.ടി) നം. 3394/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം, 13.12.2016**

---

പരാമർശം :
1) OA 273/15 -ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 25.01.2016 ലെ ഉത്തരവ്.
2) ശ്രീ. എൻ. ഉദയകുമാർ സമർപ്പിച്ച 08.02.2016 ലെ നിവേദനം.
3) പഞ്ചായത്ത് ഡയറക്ടറുടെ 24.02.2016-ലെ ഇ 10-4849/2016 നം. കത്ത്.
4) OA 367/15 -ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 20.07.2015 ലെ ഉത്തരവ്.
5) സ.ഉ (പി) നം. 01/2014/ഉഭപവ, തീയതി, 03.01.2014.
6) സ.ഉ (പി) നം. 21/2014/ഉഭപവ, തീയതി, 19.07.2014

**<u>ഉത്തരവ്</u>**

കൊട്ടാരക്കര മുൻസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. ഉദയകുമാറും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 273/15 -ാം നമ്പർ അന്യായത്തിൻമേൽ പരാമർശം (1) പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാർ രണ്ടാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് OA യുടേയും ഉത്തരവിന്റേയും പകർപ്പ് സഹിതം പുതിയ നിവേദനം ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം നൽകുവാൻ അനുമതി നൽകി കൊണ്ടും അത്തരം ഒരു നിവേദനം ലഭിച്ചാൽ രണ്ടാം കക്ഷി ടി നിവേദനം ലഭിച്ച് മൂന്ന് മാസത്തിനകം പരാതിക്കാരെ നേരിൽകേട്ടശേഷം നിവേദനം തീർപ്പാക്കുവാനും നിർദ്ദേശിച്ചിരുന്നു.

പരാമർശം (2) പ്രകാരം ശ്രീ. ഉദയകുമാർ സമർപ്പിച്ച നിവേദനം പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന നിർദ്ദേശം പിൻവലിച്ച് ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കുമായി നീക്കിവച്ചിട്ടുള്ള 10% ഒഴിവുകൾ ടി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് മാത്രമായി സംവരണം ചെയ്തുകൊണ്ടുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്നും എറൈസിങ് വേക്കൻസിയുടെ 10% എന്നതിന് പകരം 19.07.2014 ലെ സ.ഉ (പി) നം. 21/2014/ഉഭപവ പ്രകാരം കേഡർ സ്ട്രെങ്ങ്തിന്റെ 10% ഒന്നായി കണക്കാക്കി തസ്തികമാറ്റ നിയമനം നൽകണമെന്നുമാണ് പരാമർശം (2) ലെ നിവേദനത്തിൽ പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശാനുസരണം പരാതിക്കാരനെ 10.06.2016 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്ക് പരാമർശം (5), (6) പ്രകാരമുള്ള ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതായിരിക്കും.

തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടതെന്നും തസ്തികമാറ്റം വഴിയുള്ള

നിയമനം ഓരോ വകുപ്പിലേയും ക്ലാർക്ക് / ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിന്റെ 10% ൽ എത്തുന്നതുവരെ തുടരേണ്ടതാണെന്നും തുടർന്ന് കേഡർ സ്ട്രെങ്ങ്തിന്റെ 10% ൽ ടി നിയമനം നിജപ്പെടുത്തേണ്ടതാണെന്നും ആയത് 10% ൽ അധികരിക്കാൻ പാടില്ലെന്നും പരാമർശം (6) ലെ ഉത്തരവിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ എറൈസിങ് വേക്കൻസിയുടെ 10% കണക്കാക്കി എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിന്റെ 10% ൽ എത്തുന്നതുവരെ തസ്തികമാറ്റ നിയമനം തുടരുന്ന രീതി അവലംബിക്കുന്ന പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (5), (6) പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികമാറ്റ നിയമനത്തിന് പഞ്ചായത്ത് വകുപ്പിലെ എറൈസിങ് വേക്കൻസിയുടെ 10% എന്നതിന് പകരം കേഡർ സ്ട്രെങ്ങ്തിന്റെ 10% ഒന്നായി കണക്കാക്കി തസ്തികമാറ്റ നിയമനം നൽകണമെന്ന പരാതിക്കാരന്റെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

OA 273/2015 നമ്പർ അപേക്ഷയിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.01.2016 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വിജയകുമാർ. റ്റി.പി**
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.
സെക്രട്ടറി, കൊട്ടാരക്കര മുൻസിപ്പാലിറ്റി, കൊല്ലം ജില്ല.
ശ്രീ. എൻ. ഉദയകുമാർ, ഓഫീസ് അറ്റൻഡന്റ്, കൊട്ടാരക്കര മുൻസിപ്പാലിറ്റി
(സെക്രട്ടറി, കൊട്ടാരക്കര മുൻസിപ്പാലിറ്റി മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/33/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ